No. KITE/ 2023/Survey/ 1515 (2) തീയതി : 16.06.2023

# സർക്കുലർ

വിഷയം:- **കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - സ്കൂളുകൾക്ക് ലഭ്യമാക്കിയ ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തൽ - വിവരശേഖരണവും പരിശോധനയും (ഓഡിറ്റ്) നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 1. സ.ഉ.(സാധാ) നം 165/ 2018/ പൊ.വി.വ. തീയതി 10.01.2018.
2. കൈറ്റിന്റെ 31.05.2023-ലെ ഡയറക്ടർ ബോർഡ് യോഗത്തിന്റെ മിനിട്സ്.
3. സ.ഉ(സാധാ)നം.818/ 2023/ GEdn തീയതി 31.01.2023.

സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി ക്ലാസ് മുറികൾ ഹൈടെക് ആക്കുകയും ലാബുകളിലേക്ക് ഉപകരണങ്ങൾ ലഭ്യമാക്കി ഹൈടെക് പദ്ധതി കൈറ്റ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കൈറ്റ് മുഖേന സ്കൂളുകൾക്ക് നൽകുന്ന ഐടി ഉപകരണങ്ങൾക്ക് അഞ്ചു വർഷ വാറണ്ടി ഉൾപ്പെടെയുള്ള വില്പനാനന്തര സേവന സൗകര്യങ്ങൾ ഉറപ്പുവരുത്തിയിട്ടുണ്ട്. സൂചന 1ലെ സർക്കാർ ഉത്തരവ് പ്രകാരം സ്കൂളുകൾക്ക് ലഭ്യമാക്കുന്ന ഹൈടെക് ഉപകരണങ്ങളുടേയും സേവനങ്ങളുടേയും സൗകര്യങ്ങളുടേയും ഉപയോഗം കൈറ്റിന്റേയും വിദ്യാഭ്യാസ ഓഫീസർമാരുടേയും നേതൃത്വത്തിൽ പരിശോധനയ്ക്കും ഓഡിറ്റിനും വിധേയമാക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സൂചന 3 പ്രകാരം ഉപകരണങ്ങളുടെ തൽസ്ഥിതി അറിയാനും തുടർനടപടികൾക്കുമായി ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ഓഡിറ്റ് കൈറ്റ് നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വാറണ്ടി അവസാനിക്കുന്നതനുസരിച്ച് ഉപകരണങ്ങൾക്ക് AMC (Annual Maintenance Contract) ഏർപ്പെടുത്തുന്നതിന് സൂചന 2 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ മൾട്ടിമീഡിയ പ്രൊജക്ടർ, മൾട്ടി ഫങ്ഷൻ പ്രിന്റർ, 43" ടെലിവിഷൻ, ഡി.എസ്.എൽ.ആർ. ക്യാമറ, വെബ്ക്യാം എന്നീ ഉപകരണങ്ങളുടെ നിലവിലെ പ്രവർത്തനക്ഷമത കണ്ടെത്തുന്നതിനുള്ള വിവരശേഖരണം നടത്തുന്നതു സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സമ്പൂർണ വെബ്സൈറ്റിൽ AMC-Status Survey ൽ ലഭ്യമാക്കിയ മൾട്ടിമീഡിയ പ്രൊജക്ടർ, മൾട്ടി ഫങ്ഷൻ പ്രിന്റർ, 43" ടെലിവിഷൻ, ഡി.എസ്.എൽ.ആർ. ക്യാമറ, വെബ്ക്യാം എന്നീ ഉപകരണങ്ങളുടെ വാറണ്ടി അവസാനിക്കുന്നതിനാൽ ഏതെങ്കിലും ഉപകരണം നിലവിൽ പ്രവർത്തിക്കാതിരിക്കുന്നുവെങ്കിൽ അവ പ്രവർത്തന ക്ഷമമാക്കുന്നതിന് അതത് സ്കൂൾ അധികൃതർ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. ഇതിനായി ഓൺലൈൻ പരാതി പരിഹാര സംവിധാനം, കോൾ സെന്റർ സേവനം തുടങ്ങിയവ പ്രയോജനപ്പെടുത്താം. (ഹൈസ്കൂളുകൾ സമ്പൂർണ ലോഗിനും ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗം സമ്പൂർണയിലെ HSS/ VHSS Login നും ഉപയോഗിക്കേണ്ടതാണ്).
2. ഓൺലൈൻ ആപ്ലിക്കേഷനിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഉപകരണങ്ങളുടെ നിലവിലെ അവസ്ഥ ഓരോ സ്കൂളും ലോഗിൻ ചെയ്ത് 29.06.2023 ന് മുമ്പ് വിശദാംശങ്ങൾ അതത് സ്കൂൾ പ്രഥമാധ്യാപകരുടെ ഉത്തരവാദിത്വത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഉപകരണങ്ങൾ ഓരോന്നും സ്കൂളിലുണ്ടെന്നും അവ പ്രവർത്തനക്ഷമമാണെന്നും പ്രഥമാധ്യാപിക/ പ്രഥമാധ്യാപകൻ ഉൾപ്പെടെ ഏറ്റവും കുറഞ്ഞത് മൂന്ന് അംഗങ്ങളെങ്കിലും അടങ്ങുന്ന സമിതി പരിശോധിച്ച് ഉറപ്പുവരുത്തിയശേഷമാണ് വിശദാംശങ്ങൾ ഓൺലൈനിൽ നൽകേണ്ടത്.

പരിശോധിക്കുന്ന സമിതി യോഗം ചേർന്ന് വിശദാംശങ്ങൾ ചർച്ച ചെയ്ത് മിനിട്സ് രേഖപ്പെടുത്തി (പോർട്ടലിൽ ലഭ്യമായ റിപ്പോർട്ട് ഫോർമാറ്റിൽ) സൂക്ഷിക്കേണ്ടതുമാണ്. ഏതെങ്കിലും കാരണവശാൽ ഓൺലൈനിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഉപകരണങ്ങൾ പിന്നീടുള്ള പരിശോധനയിൽ കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ മിനിട്സും ഓൺലൈൻ രേഖകളും പരിശോധിക്കുന്നതും തുടർനടപടികൾക്ക് ശുപാർശ ചെയ്യുന്നതുമായിരിക്കും.

3. ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിന് സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ, കൈറ്റ് മിസ്ട്രസ്/മാസ്റ്റർ, SITC, JSITC, HITC, VHITC എന്നിവരുടെ സേവനം സ്കൂൾ പ്രഥമാധ്യാപകർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെയും കൈറ്റ് മാസ്റ്റർമാരുടെയും സേവനം പ്രയോജനപ്പെടുത്താം.

4. **സ്കൂളിലെ ആസ്തി നിർണയവുമായി ബന്ധപ്പെട്ട വിശദാംശങ്ങളാണ് ഓൺലൈനിൽ ഉൾപ്പെടുത്തുന്നത് എന്നതിനാൽ സ്കൂൾ പ്രഥമാധ്യാപകർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതും സ്കൂളിൽ നിലവിലില്ലാത്ത, കേടുപാടു സംഭവിച്ച ഉപകരണങ്ങൾ രേഖപ്പെടുത്തുമ്പോൾ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.**

5. സ്കൂൾ അധികൃതർ ഓൺലൈനിൽ ഉൾപ്പെടുത്തിയ വിശദാംശങ്ങൾ കൈറ്റ് മാസ്റ്റർ ട്രെയിനർമാർ, ടെക്നിക്കൽ അസിസ്റ്റന്റുമാർ തുടങ്ങിയവരടങ്ങുന്ന ടീമോ സംസ്ഥാനതല സ്പെഷ്യൽ ടീമോ സ്കൂളുകൾ നേരിട്ട് സന്ദർശിച്ച് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതും വിശദാംശങ്ങൾ ഓൺലൈനിൽ രേഖപ്പെടുത്തേണ്ടതുമാണ്. അതിന്റെ വിശദാംശങ്ങൾ പ്രത്യേകം പുറപ്പെടുവിക്കും.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കൻഡറി/
വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)


പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേക്ക്
എല്ലാ ആർഡിഡി/എഡി മാർക്കും
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർ/മാസ്റ്റർ ട്രെയിനർ/ടെക്നിക്കൽ അസിസ്റ്റന്റുമാർക്കും
സ്റ്റോക് ഫയൽ

## <u>ഓൺലൈനിൽ ഉൾപ്പെടുത്തേണ്ട വിശദാംശങ്ങൾ</u>

സമ്പൂർണയിൽ ലോഗിൻ ചെയ്യുമ്പോൾ വിതരണം ചെയ്ത (AMC ഏർപ്പെടുത്തുന്ന) ഉപകരണങ്ങളുടെ വിശദാംശങ്ങൾ (SERIAL NUMBER) ലഭ്യമാകും. ഓരോ ഉപകരണവും സമിതി പരിശോധിച്ച് പ്രവർത്തനക്ഷമമാണോ / അല്ലയോ എന്ന് രേഖപ്പെടുത്തേണ്ടതാണ്. നിലവിൽ പ്രവർത്തനക്ഷമമല്ലെങ്കിൽ തകരാറ് പരിഹരിക്കാൻ കഴിയുന്നവയാണോ/കേടുപാട് സംഭവിച്ചവയാണോ/മോഷണം/നഷ്ടപ്പെട്ടവ എന്നിവയും റിമാർക്സും രേഖപ്പെടുത്തേണ്ടതാണ്.

AMC Status Survey




| # | Serial Number | Device | Working | Not Working: Repairable (Complaint Registered) | Not Working: Non Repairable or Damaged or Lost | Remarks |
|---|---|---|---|---|---|---|
| 1 | PDTCH02722000 | PROJECTOR BENQ MX 528 | ☐ | ☐ | ☐ | |
| 2 | PDVCH01345000 | PROJECTOR BENQ MX 528 | ☐ | ☐ | ☐ | |
| 3 | PDTCH01874000 | PROJECTOR BENQ MX 528 | ☐ | ☐ | ☐ | |
| 4 | PDRCH01154000 | PROJECTOR BENQ MX 528 | ☐ | ☐ | ☐ | |
| 5 | MRJPR11009751016FB8400 | PROJECTOR ACER X1223H | ☐ | ☐ | ☐ | |
| 6 | MRJPR11009751016698400 | PROJECTOR ACER X1223H | ☐ | ☐ | ☐ | |
| 7 | MRJPR11009751016738400 | PROJECTOR ACER X1223H | ☐ | ☐ | ☐ | |
| 8 | CNB2M1J6FL | PRINTER SAMSUNG SL-2876ND | ☐ | ☑ | ☐ | |
| 9 | ]C1912729C00892AA2109827200806 | DSLR CANON EOS-1500D | ☑ | ☐ | ☐ | |
| 10 | DKL-809PLHT270825IN | 43 Inch Full HD LED TV LG 43LU340C | ☐ | ☐ | ☐ | |



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

ഹൈടെക് സ്കൂൾ പദ്ധതി - സ്കൂളുകൾക്ക് ലഭ്യമാക്കിയ ലാപ്ടോപ്പുകളുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തൽ - വിവരശേഖരണവും പരിശോധനയും (ഓഡിറ്റ്)

| # | Serial Number | Device | Working | Not Working | |
|---|---|---|---|---|---|
| | | | | Repairable (Complaint Registered) | Non Repairable or Damaged or Lost |
| 1 | PDTCH02722000 | PROJECTOR BENQ MX 528 | Yes | | |
| 2 | PDVCH01345000 | PROJECTOR BENQ MX 528 | | Yes | |
| 3 | PDTCH01874000 | PROJECTOR BENQ MX 528 | | | Yes |
| 4 | PDRCH01154000 | PROJECTOR BENQ MX 528 | | Yes | |
| 5 | MRJPR11009751016FB8400 | PROJECTOR ACER X1223H | Yes | | |
| 6 | MRJPR11009751016698400 | PROJECTOR ACER X1223H | | Yes | |
| 7 | MRJPR11009751016738400 | PROJECTOR ACER X1223H | | | Yes |
| 8 | CNB2M1J6FL | PRINTER SAMSUNG SL-2876ND | | Yes | |
| 9 | ]C1912729C00892AA2109827200806 | DSLR CANON EOS-1500D | Yes | | |
| 10 | DKL-809PLHT270825IN | 43 Inch Full HD LED TV LG 43LU340C | | Yes | |
| 11 | 1831LZ0E7AR9 | WEBCAM Logitech C925e | | | Yes |

We hereby declare that information furnished above is true and correct in every respect and in case any information is found incorrect even partially shall be liable to us

Name & Designation Signature

1